ഉപമുഖ്യമന്ത്രി (ശ്രീ കെ. അവുക്കാദർകുട്ടിനഹ): സർ, ഈ കാര്യം ഗവൺമെൻറിൻെറ ശ്രദ്ധയിൽ പെട്ടതാണ്. കഴിഞ്ഞ ജൂണിൽ ഉണ്ടായ വെള്ളപ്പൊക്കം മൂലം ഈ റോഡിന് കേടുവന്നിട്ടുണ്ട്. 63 കി. മീ. മുതൽ 65 കി.മീ. വരെയുള്ള സ്ഥലത്ത് വളരെയധികം മണ്ണിടിഞ്ഞിട്ടുണ്ട്. മണ്ണ് നീക്കിയതുകൊണ്ടുമാത്രം വാഹനഗതാഗതം സുഗമമാക്കാൻസാദ്ധ്യമല്ലായെന്ന് ഗവൺമെൻറ് മനസ്സിലാക്കിയതിൻെറ അടിസ്ഥാനത്തിൽ അവിടെ റോഡിൻെറ സൈഡ് ചെത്തിവീതികൂട്ടി ബസ്സും ലോറിയും പോകത്തക്കവിധത്തിൽ ഉള്ള ഒരു പ്രവർത്തനത്തിന് ഇരുപത് ലക്ഷത്തിൻെറ ഒരു പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. അതിൻെറ ടെണ്ടറിൻെറ അവസാനദിവസം ഇന്നലെയായിരുന്നു. കോൺട്രാക്ടർമാർ ബഹിഷ്ക്കരിച്ചുവെങ്കിലും ഇന്നലത്തോടുകൂടി ആ ബഹിഷ്കരണം നീക്കിയിട്ടുണ്ടെന്നുള്ള കാര്യംകൂടി ഞാൻ അറിയിക്കുകയാണ്. അതുകൊണ്ട് ടെണ്ടർ വിളിക്കാൻ ആളുകളുണ്ടാകും. ടെണ്ടർ ഉറപ്പിച്ചുകഴിഞ്ഞാൽ ഉടനെ പ്രവർത്തനം ആരംഭിക്കും.

## (2) ഈരാറ്റുപേട്ട വിദ്യുച്ഛക്തി സബ്സ്റ്റേഷൻ സ്ഥാപിക്കണമെന്ന ആവശ്യം

ശ്രീ. പി. സി. ജോർജ് : സർ, ഈരാറ്റുപേട്ടയിലും പ്രാന്തപ്രദേശത്തുമുള്ള ഒൻപത് പഞ്ചായത്തുകളിലും ഇപ്പോൾ വൈദ്യുതി ലഭിച്ചുകൊണ്ടിരിക്കുന്നത് പാലാ, കാഞ്ഞിരപ്പള്ളി എന്നീ ഫീഡറുകളിൽ നിന്നുമാണ്. ഇതിൽ ഏതെങ്കിലും, പാലാക്കാരോ കാഞ്ഞിരപ്പള്ളിക്കാരോ ആ ഫീഡറുകൾ കട്ട് ചെയ്താൽ വൈദ്യുതി ലഭിക്കില്ലയെന്നുള്ള സാഹചര്യമാണ് ഇപ്പോഴുള്ളത്. മാത്രമല്ല, ഈ ഫീഡറുകളിൽ നിന്ന് ലഭിക്കുന്ന വൈദ്യുതികൊണ്ട് രാത്രി സമയത്ത് വിദ്യാർത്ഥികൾക്ക് വായിക്കാൻപോലും ഉള്ള വിദ്യുച്ഛക്തി ലഭിക്കുന്നില്ല. വോൾട്ടേജില്ലായെന്നുള്ള ഗതികേടുമുണ്ട്. ഇതിന് പരിഹാരമാർഗ്ഗമായി ഈരാറ്റുപേട്ട കേന്ദ്രമാക്കി ഒരു സബ്സ്റ്റേഷൻ പണിയുകയെന്നുള്ളതാണ്. ബഹുമാനപ്പെട്ട ഇലക്ട്രിസിറ്റി മന്ത്രി ആ സബ്സ്റ്റേഷൻ ആരംഭിക്കാനുള്ള പണികൾ തുടങ്ങണമെന്ന് വളരെ താഴ്മയായി അപേക്ഷിക്കുകയാണ്.

ധനകാര്യവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) : സർ ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ അവിടെ സബ്സ്റ്റേഷൻ ഉണ്ടായിക്കാണണമെന്ന് എനിക്കും ആഗ്രഹമുണ്ട്. അത് വളരെ അത്യാവശ്യമുള്ള ഒരു കാര്യമാണ്. പക്ഷേ പാലായിൽനിന്ന് ലൈൻ വലിക്കാതെ ഇത് സാദ്ധ്യമല്ല. പാലായുമായി ബന്ധപ്പെടാതെപറ്റില്ല. പാലായിൽ ഈരാറ്റുപേട്ടയിൽ 66-11 കെ. വി. സബ്സ്റ്റേഷൻ പണിയുന്നതിന് പാലാ സബ് സ്റ്റേഷനിൽ നിന്ന് 10 കി. മീ. 66 കെ. വി. ഡബിൾ സർക്യൂട്ട് ലൈൻ വലിച്ചേ നടത്താൻ കഴിയൂ. ഇങ്ങനെയൊരു പ്രൊപ്പോസലുണ്ട്. ബോർഡ് വളരെ കാര്യമായി ആ പ്രൊപ്പോസൽ പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. എത്രയും വേഗം അത് എക്സ്പിഡൈറ് ചെയ്യാൻ ശ്രമിക്കുന്നതാണ്.

## (3) റബ്ബർ റീപ്ലാന്റിംഗ് സബ്സിഡിയും ലോണും

ശ്രീ. തോമസ് കല്ലമ്പള്ളി : സർ, നമ്മുടെ സംസ്ഥാനത്തെ റബ്ബർ കർഷകർ റബ്ബറിൻെറ റീപ്ലാന്റിംഗ് സബ്സിഡിയും ലോണും നിറുത്തലാക്കിയിരിക്കുന്നുവെന്ന ഭീതിയിൽ കഴിയുകയാണ്. നമ്മുടെ സംസ്ഥാനത്ത് ഉൽപ്പാദനം കൂട്ടാനുള്ള ഏക മാർഗ്ഗമാണ്, അത്യുൽപ്പാദനശേഷിയുള്ള വിത്തിനങ്ങൾ വച്ചുപിടിപ്പിക്കുകയെന്നുള്ളത്. ഏഴാം പദ്ധതിയിൽ റബ്ബർ

LIBRARY ARCHIVES Kerala Legislative Assembly

ലോണും സബ്സിഡിയും കൊടുക്കാനുള്ള സമഗ്രമായ ഒരു പദ്ധതി റബ്ബർ ബോർഡ് സമർപ്പിച്ചിരിക്കുന്നു. പക്ഷേ ഇപ്പോഴും എത്തായാലും റബ്ബർബോർഡിന്റെ ഓഫീസുകളിൽ ഒന്നുംതന്നെ റീപ്ലാന്റിംഗ് സബ്സിഡിക്കും ലോണിനുംവേണ്ടിയുള്ള അപേക്ഷകളും സ്വീകരിക്കുന്നില്ല. ഇന്നുള്ള തുക ഇരട്ടിയായി വർദ്ധിപ്പിക്കണമെന്നുള്ള ആവശ്യം കർഷകരുടെ ഭാഗത്തുനിന്ന് വളരെ ശക്തിയായി ഉയർന്നു വന്നിരിക്കുന്ന സാഹചര്യത്തിൽ റബ്ബർ ബോർഡും, നബാർഡും, സഹകരണബാങ്കുകളും ചേർന്നുകൊണ്ട് ഒരു പദ്ധതിക്ക് രൂപം നൽകാൻ പോകുന്നുവെന്ന് മനസ്സിലാക്കാൻ കഴിഞ്ഞു. റീപ്ലാന്റിംഗ് സബ്സിഡിയും ലോണും കൃഷിക്കാർക്ക് ലഭിക്കാനും അതിനുള്ള അപേക്ഷകളും ഇപ്പോഴത്തന്നെ വാങ്ങാനും ഉള്ള സംവിധാനം ഉണ്ടാക്കണമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) : ഇക്കാര്യത്തിൽ സംസ്ഥാന ഗവൺമെന്റിന് കാര്യമായിട്ടൊന്നും ചെയ്യാനില്ല. ഇത് റബ്ബർ ബോർഡിന്റെ ഒരു പദ്ധതിയാണ്. ഒരു ലക്ഷം ഏക്കർ സ്ഥലം പുതിയതായി കൃഷി ചെയ്യാനും 35,000 ഏക്കർ സ്ഥലത്ത് ആവർത്തനക്കൃഷി ചെയ്യാനുമാണ് റബ്ബർ ബോർഡ് തീരുമാനിച്ചിരിക്കുന്നത്. അതിന്റെ അടിസ്ഥാനത്തിൽ അവർ പദ്ധതി ആവിഷ്ക്കരിച്ചു. ഏതാണ്ട് 150 കോടി രൂപയുടെ ഒരു പ്ലാൻ തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ടെങ്കിലും 50 കോടി രൂപ മാത്രമാണ് അനുവദിച്ചിട്ടുള്ളതെന്നാണ് ബോർഡിൽനിന്ന് കിട്ടിയ വിവരം. അത് അന്തിമമാണെന്ന് കരുതുന്നില്ലായെന്ന് സൂചിപ്പിച്ചിട്ടുണ്ട്. എന്തായാലും ആവർത്തനക്കൃഷി നടത്തേണ്ടതാവശ്യമാണ്. അതിന് കൊടുക്കുന്ന സബ്സിഡി നിരുത്സാഹപ്പെടുത്താൻ ഇതുവരെ തീരുമാനിച്ചിട്ടില്ല. അങ്ങനെയൊരു സൂചനപോലുമില്ല അങ്ങനെയൊരു നടപടിയും സ്വീകരിക്കാൻ മുതിരരുതെന്ന് സംസ്ഥാന ഗവൺമെന്റ് ആവർത്തിച്ച് ബോർഡിനോടും ഗവൺമെന്റ് ഓഫ് ഇൻഡ്യയോടും ആവശ്യപ്പെടുന്നതാണ്.

## (4) കുന്നപ്പള്ളി ലിഫ്റ്റ് ഇറിഗേഷൻ സ്കീം കമ്മീഷൻ ചെയ്യൽ

ശ്രീ. പി. സി. തോമസ് കടുത്തുരുത്തി : സർ, കടുത്തുരുത്തി നിയോജകമണ്ഡലത്തിൽപ്പെട്ട മുളക്കുളം പഞ്ചായത്തിലെ കുന്നപ്പള്ളി ലിഫ്റ്റ് ഇറിഗേഷന്റെ പണി പൂർത്തിയായിട്ട് മൂന്നുനാലു മാസങ്ങൾ കഴിഞ്ഞു. ഇതുവരെ കമ്മീഷൻ ചെയ്യാൻ കഴിഞ്ഞിട്ടില്ല. പമ്പ് ഹൗസിൽ വിദ്യുച്ഛക്തി എത്തിക്കുകയെന്നുള്ളതാണ് പ്രശ്നം. ജലസേചന വകുപ്പോ, വിദ്യുച്ഛക്തി ബോർഡോ ആരാണ് വൈദ്യുതി എത്തിക്കേണ്ടതെന്നുള്ള സംശയത്തിലാണ്. ഇത്രയും പണം ചെലവാക്കി വളരെ നാളുകൾ കൊണ്ടാണെങ്കിലും പൂർത്തിയാക്കിയ ഈ പദ്ധതി കഴിവതും വേഗം കമ്മീഷൻ ചെയ്തു കാണാൻ അവിടെയുള്ള ആളുകൾ ആഗ്രഹിക്കുന്നുണ്ട്. ബഹുമാനപ്പെട്ട വകുപ്പുമന്ത്രി ഇത് ഏറ്റവും വേഗം കമ്മീഷൻ ചെയ്യുന്നതിന് ബന്ധപ്പെട്ട അധികാരികളെ ചുമതലപ്പെടുത്തണമെന്ന് അഭ്യർത്ഥിക്കുകയാണ്.

ജലസേചനവകുപ്പുമന്ത്രി (ശ്രീ. എം. പി. ഗംഗാധരൻ) : സർ, ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ച ലിഫ്റ്റ് ഇറിഗേഷന്റെ പണികൾ എല്ലാം പൂർത്തിയായിക്കഴിഞ്ഞിട്ടുണ്ട്. അതിന്റെ ഇലക്ട്രിക് കണക്ഷൻ ലഭ്യമായിട്ടില്ല. കണക്ഷൻ കിട്ടി കമ്മീഷൻ ചെയ്യാനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്.

LIBRARY ARCHIVES Kerala Legislative Assembly